Pastoral Letter No. XXII

The Catholic Metropolitan's House
P.B. No. 71, Kottayam
Kerala, India - 686 001.

## ദൈവകൃപയാൽ
## കോട്ടയം അതിരൂപതയുടെ മെത്രാപ്പോലീത്ത

## മാർ മാത്യു മൂലക്കാട്ട്

*തന്റെ സഹശുശ്രൂഷികളായ വൈദികർക്കും സമർപ്പിതർക്കും ദൈവജനം മുഴുവനും നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും സമാധാനവും ആശംസിക്കുന്നു.*

ഈശോമിശിഹായിൽ വന്ദ്യ സഹോദരങ്ങളേ, പ്രിയ മക്കളേ,

സമൂഹ നവീകരണത്തിനായി സഭയെ നവീകരിക്കാനുള്ള നിശ്ചയദാർഢ്യം പ്രഖ്യാപിച്ചുകൊണ്ടാണ് ഫെബ്രുവരി 5 മുതൽ 12 വരെ പാലാ അൽഫോൻസാ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്ന സി.ബി.സി.ഐ സമ്മേളനം സമാപിച്ചത്. സഭാനവീകരണത്തിലൂടെയുള്ള സമൂഹനവീകരണത്തിൽ പങ്കുചേരാനുള്ള പിതാക്കന്മാരുടെ ഈ ആഹ്വാനം സ്വീകരിച്ച് നമ്മെ ഓരോരുത്തരെയും അതുവഴി ലോകത്തെയും വിശുദ്ധീകരിക്കുവാൻ അനുകൂലമായ സാഹചര്യം സംജാതമാക്കിക്കൊണ്ട് വലിയനോമ്പുകാലം സമാഗതമായിരിക്കുന്നു. "ദൈവരാജ്യം സമീപിച്ചിരിക്കുന്നു; അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിക്കുവിൻ (മർക്കോ. 2:15) എന്നുള്ള കർത്തൃവചനങ്ങൾ അർത്ഥപൂർണവും അനുഗ്രഹീതവും ആയവിധത്തിൽ നോമ്പുകാലം ആചരിക്കുവാൻ നമുക്കു സഹായകമാകട്ടെ.

ഭൗതികനേട്ടങ്ങളുടെയും സുഖസൗകര്യങ്ങളുടെയും പിന്നാലെ അന്ധമായി ഓടി തളരുന്ന ലോകത്തിന് ദൈവം നൽകുന്ന ആശ്വാസത്തിന്റെയും അനുഗ്രഹത്തിന്റെയും സന്ദേശമാണല്ലോ സുവിശേഷം. സുവിശേഷത്തിന്റെ വഴിയിൽനിന്നും അകലുംതോറും അസ്വസ്ഥതയും ആകുലതയും നമ്മെ ഗ്രസിക്കുന്നു എന്ന് ധൂർത്തപുത്രന്റെ കഥയിൽനിന്നു മനസിലാക്കാം. എന്നാൽ "ദൈവത്തെ സ്നേഹിക്കുന്നവർക്ക് അവിടുന്നു സകലവും നന്മയ്ക്കായി പരിണമിപ്പിക്കുന്നു (റോമ. 8:28)

നാം ആയിരിക്കുന്ന അവസ്ഥയിൽനിന്നു ആയിരിക്കേണ്ട അവസ്ഥയിലേക്ക് മടങ്ങിവരാനുള്ള ആഹ്വാനമാണ് നോമ്പുകാലം നമുക്കു നൽകുന്നത്. നാം യഥാർത്ഥത്തിൽ ദൈവമക്കളാണ്. ദൈവത്തിൽനിന്നകലുംതോറും നമ്മുടെ ജീവിതം അന്ധകാരാവൃതമാവുന്നു. ദുഃഖവും നിരാശയും നമ്മെ കീഴ്പ്പെടുത്തുന്നു. നാം പാപത്തിനടിമകളായി മാറുന്നു. ദൈവമക്കളുടെ സ്വാതന്ത്ര്യം നമുക്കു നഷ്ടമാകുന്നു. എന്നാൽ ഈ അവസ്ഥയിൽ ദൈവം നമ്മെ കൈവിടുന്നില്ല. എന്നുമാത്രമല്ല ധൂർത്തപുത്രനെ കാത്തിരിക്കുന്ന പിതാവിനെപ്പോലെ നമ്മെ ദൈവം കാത്തിരിക്കുകയാണ്. വഴിതെറ്റിപ്പോയ ആടിനെ കണ്ടെത്താൻ ഇറങ്ങിത്തിരിച്ച ഇടയനെപ്പോലെ നമ്മെ തേടി കണ്ടെത്താൻ തന്റെ ഏകജാതനായ ഈശോമിശിഹായെ നമുക്കായി നൽകുന്നു. നമ്മെ വീണ്ടും പിതൃസന്നിധിയിലേക്കാനയിക്കാൻ ഈശോ സ്വന്തം രക്തം ചിന്തി നമ്മെ വഴി നടത്തുന്നു. ആ വഴിയാണ് സുവിശേഷത്തിന്റെ പാത.

സുവിശേഷത്തിന്റെ വെളിച്ചം മുന്നിൽ തെളിഞ്ഞുനിൽക്കുമ്പോഴും നാം അന്ധകാരത്തിന്റെ വഴികളിലേക്കു തിരിയുന്നു എന്നതാണ് നമ്മുടെ പരാജയത്തിന്റെയെല്ലാം കാരണം. എങ്കിലും നാം എന്തുകൊണ്ടാണ് സുവിശേഷത്തിന്റെ വഴികൾ വെടിഞ്ഞ് ലോകത്തിന്റെ പിന്നാലെ പോകുന്നത് എന്ന ചോദ്യത്തിനു വി. പൗലോസ്ശ്ലീഹാ നൽകുന്ന ഉത്തരം ശ്രദ്ധേയമാണ്. "നാശത്തിന്റെ പാതയിലൂടെ ചരിക്കുന്നവർക്ക് കുരിശിന്റെ സന്ദേശം ഭോഷത്വമാണ്; രക്ഷയുടെ വഴിയിലൂടെ ചരിക്കുന്നവർക്കാകട്ടെ അതു ദൈവത്തിന്റെ ശക്തിയത്രെ (1 കോ.1:18) ലോകത്തിന്റെ വഴികളാണു മനുഷ്യർക്ക് കൂടുതൽ ആകർഷണീയം; എന്നാൽ ആ വഴികൾ നമ്മെ എത്തിക്കുന്നതോ നാശത്തിലേക്കും. "നാശത്തിലേക്കുള്ള കവാടം വീതിയുള്ളതും വഴി വിശാലവുമാകുന്നു; അതിലെ പോകുന്നവരോ അനേകം. എന്നാൽ ജീവനി

ലേക്കുള്ള കവാടം ഇടുങ്ങിയതും വഴി വീതികുറഞ്ഞതുമാകുന്നു. അതു കണ്ടെത്തുന്നവരോ ചുരുക്കം (മത്താ. 7:15-14).

രക്ഷയുടെ മാർഗത്തിലേക്കു നമ്മെ നയിക്കാൻ ഈശോ കണ്ടെത്തിയത് ദാരിദ്ര്യത്തിന്റെ പാതയായിരുന്നു. സമൃദ്ധിയുടെ പിന്നാലെ പരക്കം പായുന്ന ലോകത്തിന് ദാരിദ്ര്യത്തിന്റെ ഈ പാത സ്വീകരിക്കാൻ എളുപ്പമല്ല. അത്ഭുതങ്ങൾക്കും രോഗശാന്തിക്കുമായി ഈശോയെ തേടിയവർ കുരിശിന്റെ വഴിയിൽ ഈശോയെ പരിത്യജിക്കുകയും പരിഹസിക്കുകയും ചെയ്യുന്നതു നാം കാണുന്നുണ്ടല്ലോ. ഈ വർഷത്തെ നോമ്പുകാല സന്ദേശത്തിൽ പരി. പിതാവ് ഫ്രാൻസിസ് മാർപാപ്പാ നമുക്കു ധ്യാനവിഷയമായി നൽകിയിരിക്കുന്നത് ഈശോയുടെ ദാരിദ്ര്യത്തിന്റെ സമ്പന്നതയാണ് "അവൻ നിങ്ങളെപ്രതി ദരിദ്രനായി; തന്റെ ദാരിദ്ര്യത്താൽ നിങ്ങൾ സമ്പന്നരാകാൻവേണ്ടി തന്നെ" (2 കോറി. 8:9) എന്ന പൗലോസ് അപ്പസ്തോലന്റെ വചനങ്ങളാണ് പരിശുദ്ധ പിതാവ് നോമ്പുകാലസന്ദേശത്തിന്റെ വിഷയമായി തെരഞ്ഞെടുത്തിരിക്കുന്നത്.

ഈശോയുടെ സമ്പന്നത എന്നത് പിതാവായ ദൈവത്തിലുള്ള അതിരറ്റ വിശ്വാസവും സുസ്ഥിരമായ ആത്മധൈര്യവും എപ്പോഴും പിതാവിന്റെ ഇഷ്ടം നിറവേറ്റാനും അവിടുത്തേക്ക് നന്ദി പറയാനുമുള്ള ആഗ്രഹവും ആണ്. താൻ സ്നേഹിക്കപ്പെടുന്നു എന്ന ബോധ്യത്തോടെ മാതാപിതാക്കന്മാരെ സംശയലേശമില്ലാതെ സ്നേഹിക്കുന്ന ശിശുവിനെപ്പോലെ ഈശോ സമ്പന്നനാണ് താൻ ദൈവപുത്രനാണ് എന്നതാണ് ഈശോയുടെ ഏറ്റവും വലിയ സമ്പത്ത്. ഈ സമ്പന്നതയാണ് പാപികളായ മനുഷ്യരുടെ ഇടയിലേക്കിറങ്ങിവന്ന് അവരുടെ പാപങ്ങൾ ഏറ്റെടുത്ത് അവരെ യഥാർത്ഥ സമ്പന്നരാക്കാൻ വേണ്ടി തന്നെത്തന്നെ നൽകാൻ ഈശോയെ പ്രേരിപ്പിക്കുന്നത്.

ദൈവത്തിലുള്ള വിശ്വാസവും ദൈവം പരിപാലിക്കുമെന്ന പ്രത്യാശയും നഷ്ടമാകുമ്പോൾ നാം അനാഥരായിത്തീരുന്നു. ആധുനിക ലോകം നേരിടുന്ന ത്രിവിധ അനാഥത്വങ്ങളെ പരി. പിതാവ് എടുത്തുകാട്ടുന്നു. സാധാരണയായി ലോകം ദാരിദ്ര്യമെന്നു വിവക്ഷിക്കുന്ന ഇല്ലായ്മയെ ഭൗതികമായ അനാഥത്വം എന്നതാണ് പരി. പിതാവ് വിശേഷിപ്പിക്കുന്നത്. മനുഷ്യന്റെ മൗലികമായ ആവശ്യങ്ങൾ മാത്രമല്ല മനുഷ്യവളർച്ചയ്ക്കാവശ്യമായ അവസരങ്ങൾപോലും നിഷേധിക്കപ്പെടുന്ന ഭൗതികഅനാഥത്വത്തിനെതിരെ നിരന്തരം പോരാടാൻ ക്രൈസ്തവർക്കു ചുമതലയുണ്ട്. അധികാരവും സുഖാസക്തിയും പണവും വിഗ്രഹങ്ങളായി മാറുന്ന ലോകത്തിൽ ക്രൈസ്തവ മന:സാക്ഷി നീതിയിലേക്കും സമത്വത്തിലേക്കും ലാളിത്യത്തിലേക്കും പങ്കുവയ്ക്കലിലേക്കും നയിക്കണമെന്ന് പരി. പിതാവ് നമ്മെ അനുസ്മരിപ്പിക്കുന്നു.

തിന്മയ്ക്കും പാപത്തിനും വിധേയപ്പെടുന്നതുവഴി മനുഷ്യൻ ധാർമികമായ അനാഥത്വത്തിലേക്കാണു നയിക്കപ്പെടുക. മദ്യം, മയക്കുമരുന്ന്, ചൂതുകളി, അശ്ലീല സാഹിത്യം തുടങ്ങിയവയുടെ അടിമത്തം ധാർമിക അനാഥത്വത്തിനു വഴിതുറക്കുന്നു. ഭാവിയെപ്പറ്റിയുള്ള പ്രത്യാശ അതുവഴി നഷ്ടമാവുന്നു. കുടുംബത്തിൽ നിറയുന്ന വേദനയും ദുഃഖവും വ്യക്തികളെയും സമൂഹത്തെയും നിരാശയിലേക്കും, കടുത്ത മാനസികസമ്മർദങ്ങളിലേക്കും വലിച്ചിഴയ്ക്കുന്നു.

ധാർമിക അനാഥത്വത്തോടു ചേർന്നുവരുന്നതാണ് ആധ്യാത്മിക അനാഥത്വം. ദൈവത്തിൽനിന്നു പിൻതിരിയുകയും അവിടുത്തെ സ്നേഹം തള്ളിക്കളയുകയും ചെയ്യുമ്പോൾ നാം ആധ്യാത്മിക അനാഥത്വത്തിലാണെത്തിച്ചേരുക.

ഈ ത്രിവിധ അനാഥത്വങ്ങൾക്കുള്ള മറുമരുന്നാണ് സുവിശേഷം. വ്യവസ്ഥകളില്ലാതെ നമ്മെ സ്നേഹിക്കുന്ന ദൈവം നമ്മുടെ പാപങ്ങളിൽ നമ്മെ ഉപേക്ഷിക്കാതെ തന്റെ പ്രിയപുത്രന്റെ രക്ഷാകരമായ സന്ദേശത്തിലൂടെ നമുക്കു പകരുന്ന രക്ഷയും സ്നേഹവും തിരിച്ചറിയാൻ സുവിശേഷം നമ്മെ സഹായിക്കുന്നു. രക്ഷയുടെ സദ്വാർത്തയിലൂടെ തകർന്ന ഹൃദയങ്ങളെ സുഖപ്പെടുത്താനും നിരാശയിൽ നിപതിച്ചവർക്കു പ്രത്യാശ പകർന്നുകൊടുക്കാനും നമുക്കു സാധിക്കുമ്പോൾ മാത്രമേ സുവിശേഷത്തിന്റെ സന്തോഷം നുകരുന്നവരും പകരുന്നവരുമാകാൻ നമുക്ക് സാധിക്കൂ എന്നും അതുവഴിമാത്രമേ നാം യഥാർത്ഥ ക്രൈസ്തവരാവുകയുള്ളൂ എന്നും പരി. പിതാവ് നമ്മേ അനുസ്മരിപ്പിക്കുന്നു.

ദൈവത്തിന്റെ അനന്തമായ സമ്പന്നതയുടെ അവകാശിയായ ദൈവപുത്രൻ പാപംമൂലം അനാഥനായ മനുഷ്യനെ ദൈവികതയാൽ സമ്പന്നനാക്കാൻവേണ്ടി ദരിദ്രനായി തീരുകയും തന്റെ ദാരിദ്ര്യത്താൽ മനുഷ്യനെ സമ്പന്നനാക്കുകയും ചെയ്തതുപോലെ അനാഥത്വത്തിൽ അലയുന്ന സഹോദരങ്ങൾക്കുവേണ്ടി ദരിദ്രരാവാൻ നമുക്കു സാധിക്കണം. നമ്മുടെ സമ്പത്തെന്നു നാം കരുതുന്ന പലതും യഥാർത്ഥത്തിൽ നമ്മെ അനാഥരാക്കുന്നു എന്ന തിരിച്ചറിവോടെ നമ്മുടെ സമ്പന്നത സഹോദരങ്ങളുടെ നന്മയ്ക്കായി വ്യയം ചെയ്തുകൊണ്ട് ദൈവമക്കളുടെ സ്വാതന്ത്ര്യത്തിലേക്കു വളരാൻ ഈ നോമ്പുകാലം നമുക്കു സഹായകമാകട്ടെ. ലൗകിക സമ്പന്നതയ്ക്കായുള്ള വ്യഗ്രതയിൽ നഷ്ടപ്പെടുത്തിയ ദൈവ-മനുഷ്യബന്ധങ്ങളെ ദൈവിക സമ്പന്നതയാൽ പുനഃസ്ഥാപിക്കാനും ശക്തിപ്പെടുത്താനും തന്റെ ദാരി

ദ്ര്യത്താൽ നമ്മെ സമ്പന്നരാക്കാൻവേണ്ടി നമ്മെപ്രതി ദരിദ്രനായ ഈശോയുടെ മാതൃക നമുക്കു പ്രചോദനമാകട്ടെ. അർത്ഥപൂർണമായ നോമ്പാചരണത്തിലൂടെ ഉത്ഥിതനായ മിശിഹായുടെ സമ്പന്നതയാൽ നിറയാൻ ദൈവം നിങ്ങളെ ഓരോരുത്തരെയും അനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട്,

പിതാവിന്റെയും ✠ പുത്രന്റെയും ✠ പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഇടയനടുത്ത ആശീർവാദം നൽകുന്നു.

എന്ന് കോട്ടയം അതിരൂപതാ കേന്ദ്രത്തിൽനിന്നും 2014 ഫെബ്രുവരി 15-ാം തീയതി

**✠മാർ മാത്യു മൂലക്കാട്ട്,**

കോട്ടയം അതിരൂപതയുടെ മെത്രാപ്പോലീത്ത

---

*N.B. : ഈ ഇടയലേഖനം 2014 മാർച്ച് 2-ാം തീയതി ഞായറാഴ്ച നമ്മുടെ എല്ലാ ദേവാലയങ്ങളിലും വി. കുർബാന അർപ്പിക്കപ്പെടുന്ന സ്ഥാപനങ്ങളിലും ദിവ്യബലിമദ്ധ്യേ വായിച്ചറിയിക്കേണ്ടതാണ്.*